ഹീമോഫീലിയ രോഗികൾക്ക് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖാന്തിരം ഫാക്ടർ മരുന്നുകൾ നൽകി വരുന്നു. ഓരോ ഹീമോഫീലിയ രോഗിക്കും പരമാവധി ചികിത്സാ ധനസഹായമായി 2 ലക്ഷം രൂപ അനുവദിച്ചു വരുന്നു. തുടർന്നും ഫാക്ടറുകൾ ആവശ്യമായി വന്നാൽ 1 ലക്ഷം രൂപ കൂടി കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണ്. ഇതുകൂടാതെ വൃക്ക, രോഗികൾക്ക് ഡയാലിസിസിനായി ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്.

(ഡി) ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് അതാത് ജില്ലാ ഭാഗ്യക്കുറി ഓഫീസ് മുഖാന്തരമാണ്. ഹീമോഫീലിയ രോഗത്തിന്റെ ചികിത്സയുള്ള അപേക്ഷകൾ ജില്ലാതലത്തിലും, ഹെഡ് ഓഫീസ് തലത്തിലും ലഭ്യമാണ്. അപേക്ഷ സമർപ്പിക്കേണ്ടത് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ഹെഡ് ഓഫീസിലാണ്. ഡയാലിസിസിലുള്ള അപേക്ഷകൾ ജില്ലാതലത്തിലും ഹെഡ് ഓഫീസ് തലത്തിലും ലഭ്യമാണ്.

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി

248(588) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്തിനു പുറത്തുള്ള ആശുപത്രികളിലെ ചികിത്സയ്ക്ക് ലഭ്യമാകുമോ ;

(ബി) എങ്കിൽ അസുഖത്തിന്റേയും സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ അന്യസംസ്ഥാനങ്ങളിലെ ചികിത്സയ്ക്ക് മുൻകൂർ അനുമതി നല്കുമോ ;

(സി) വിദഗ്ദ്ധ ചികിത്സയ്ക്ക് ആവശ്യമായ സംവിധാനമോ, സൗകര്യമോ, ആശുപത്രികളോ ഇല്ലാത്ത കാസർഗോഡ് ജില്ലയിലെ രോഗികൾക്ക് പ്രയോജനപ്രദമാകുന്ന തരത്തിൽ മംഗലാപുരത്ത് ചികിത്സാ സൗകര്യം അനുവദിക്കണമെന്ന ആവശ്യം നിയമസഭയിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് നിയമസഭയ്ക്ക് അകത്തോ പുറത്തോ ഉറപ്പുകൾ നൽകപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly.

(ഇ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം ചികിത്സാ സൗകര്യമൊരുക്കാൻ മംഗലാപുരത്തെ ഏതെല്ലാം ആശുപത്രികളാണ് അപേക്ഷ നൽകിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത വിഷയത്തിൽ എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ ?

ഉത്തരം

(എ&ബി) നിലവിൽ സംസ്ഥാനത്തിന് പുറത്തുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് ചികത്സാധനസഹായം നൽകുവാൻ വ്യവസ്ഥയില്ല.

(സി&ഡി) ഉന്നയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഉറപ്പുകളൊന്നും നൽകിയിട്ടില്ല.

(ഇ&എഫ്) ഇൻഡ്യാന ഹോസ്പിറ്റൽ മംഗലാപുരം കാരുണ്യ ചികിത്സാ സൗകര്യം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയിരുന്നു. എന്നാൽ സംസ്ഥാനത്തിനു പുറത്തുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുവാൻ വ്യവസ്ഥയില്ല. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പദ്ധതി നടത്തിപ്പു സംവിധാനത്തിൽ സംസ്ഥാനത്തിനു പുറത്തുള്ള ആശുപത്രികളിലേയ്ക്ക് ചികിത്സാ ധനസഹായം അനുവദിച്ചാൽ അതിന്റെ ഉപയോഗം പരിശോധിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമുള്ള തടസ്സങ്ങൾ നിലനിൽക്കുന്നു. എന്നിരുന്നാലും അയൽ സംസ്ഥാനങ്ങളിലെ പ്രധാനപ്പെട്ട ആശുപത്രികളിലും മംഗലാപുരം, കോയമ്പത്തൂർ, വെല്ലൂർ തുടങ്ങിയ സ്ഥലങ്ങളിലെ മികച്ച ആശുപത്രികളിലും പദ്ധതി നടപ്പിലാക്കുന്നതിന്റെ സാധ്യത പരിശോധിച്ചു വരുന്നു.

പേപ്പർ ലോട്ടറികളുടെ നറുക്കെടുപ്പിനുള്ള നികുതി

249(589) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പേപ്പർ ലോട്ടറികളുടെ നറുക്കെടുപ്പിനുള്ള നികുതി നിരക്കിൽ ബഡ്ജറ്റിൽ നിർദ്ദേശം അനുസരിച്ചു വരുത്തിയ മാറ്റം എന്തായിരുന്നു ; അത് വഴി തന്നാണ്ടിൽ പ്രതീക്ഷിക്കുന്ന അധികവരുമാനം എത്ര കോടി രൂപയാണ് ; തന്നാണ്ടിന്റെ ആദ്യ പകുതിയിൽ ഈ ഇനത്തിൽ ലഭിച്ച വരുമാനം എത്ര ?

LIBRARY ARCHIVES Kerala Legislative Assembly